പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2606** **14/12/2015-ൽ മറുപടിക്ക്**

## സ്കൂളുകളിൽ ഹെർബൽ ഗാർഡൻ

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
" പി.എ.മാധവൻ
" പി.സി.വിഷ്ണുനാഥ്
" ആർ.സെൽവരാജ്

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കൂളുകളിൽ ഹെർബൽ ഗാർഡൻ ആരംഭിക്കുന്നതിന് ആയുഷ് വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനം നിർമ്മിക്കുന്നതിന് സംസ്ഥാന ആയുഷ് വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ കർമ്മ പദ്ധതിയായ 'സ്കൂളിൽ ഒരു ഔഷധ സസ്യ ഉദ്യാനം ' എന്ന പദ്ധതിയോടനുബന്ധിച്ച് സ്കൂളുകൾക്കാവശ്യമായ തൈകൾ സൗജന്യമായി നൽകുന്നു. കൂടാതെ, ഔഷധ സസ്യത്തിന്റെ പേരും ശാസ്ത്രനാമവും ഒരു പ്രധാന ഉപയോഗവും രേഖപ്പെടുത്തിയ ബോർഡുകളും വിതരണം ചെയ്യുന്നു. ഇതോടൊപ്പം മെയിന്റനൻസിനായി നിശ്ചിത തുക അനുവദിച്ചു നൽകുന്നു. ആരോ ജില്ലകളിലും സർക്കാർ/ അർദ്ധ സർക്കാർ / അംഗീകൃത സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഔഷധ സസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക,സ്കൂളുകളുടെ പരിസരത്ത് ഹരിത സമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക,ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രചോദനവും അവസരവും കുട്ടികൾക്ക് നൽകുക, തദ്ദേശീയവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുക, ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ചികിൽസാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും അവബോധം വളർത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | ദേശീയ ഔഷധ സസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും, അതാത് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതുവരെ ഏകദേശം 1150 സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 200 സ്കൂളുകളിൽ കൂടി ഈ പദ്ധതി സമീപ ഭാവിയിൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ